491/ext/19

ഭരണഭാഷ – മാതൃഭാഷ

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം – 33

Phone : 0471 – 2324951
0471 – 2325071
Tele FAX : 0471 – 2324951
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

നം. ഡിബി3–12114/2018/സിഇ/തസ്വഭവ　　　　തീയതി 26/04/2019

# സർക്കുലർ

വിഷയം : തസ്വഭവ (സാങ്കേതിക വിഭാഗം) – ഈ വകുപ്പിലെ ഗ്രാമപഞ്ചായത്തുകളിൽ ജോലി ചെയ്യുന്ന അസി. എഞ്ചിനീയർമാർക്ക് Laptop വിതരണം ചെയ്യുന്നത് – സംബന്ധിച്ച്

സൂചന : സ.ഉ(സാധാ) നം. 2864/2018/തസ്വഭവ തീയതി 08.11.2018

ഗ്രാമപഞ്ചായത്തുകളിലെ തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ ജോലി ചെയ്യുന്ന അസി. എഞ്ചിനീയർമാർക്ക് ഔദ്യോഗിക ആവശ്യങ്ങൾക്കായി Laptop വിതരണം ചെയ്യുന്നതിന് നിശ്ചയിച്ചിരിക്കുകയാണ്. ഈ കാര്യാലയത്തിൽ നിന്നും Laptop അനുവദിച്ച് ലഭിക്കുന്നതിന്, ഈ കാര്യാലയത്തിന്റെ ഔദ്യോഗിക വെബ് സൈറ്റിലെ Proforma പേജിൽ പ്രസിദ്ധീകരിച്ചിട്ടുള്ള "P-1052 Annexure for issuing Laptop for Official purpose" എന്ന Proforma-യിൽ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തുകളിൽ നിന്നുമുള്ള വിവരങ്ങൾ അതാത് ബ്ലോക്ക്പഞ്ചായത്തിൽ നിന്നുമാണ് രേഖപ്പെടുത്തി സമർപ്പിക്കേണ്ടതാണ്. നിലവിൽ ടി കാര്യാലയത്തിൽ പ്രവർത്തനക്ഷമമായ Desktop കംപ്യൂട്ടർ ഉണ്ടെങ്കിൽ ആയതിന്റെ എണ്ണം നിർബന്ധമായി ടി Proforma-യിൽ രേഖപ്പെടുത്തിയിരിക്കണം.

ഈ വകുപ്പിൽ നിന്നും മുൻപ് Desktop കംപ്യൂട്ടറുകളോ, Laptop കംപ്യൂട്ടറുകളോ അനുവദിച്ച് ലഭിച്ചിട്ടില്ലാത്ത കാര്യാലയങ്ങൾക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്. കൂടാതെ സർക്കാരിൽ നിന്നും നിർദ്ദേശിച്ച പ്രകാരം ഇടുക്കി, പാലക്കാട്, വയനാട്, കാസറഗോഡ് എന്നീ ജില്ലകളിലെ ഗ്രാമപഞ്ചായത്തിലെ തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം കാര്യാലയത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് Laptop അനുവദിക്കുന്നതിൽ കൂടുതൽ പരിഗണന ഉണ്ടായിരിക്കുന്നതാണ്. Laptop അനുവദിച്ച് ലഭിക്കുന്നതിനുള്ള മേൽ പ്രസ്താവിത Proforma-യിൽ **02.05.2019-ന് മുൻപായി** സമർപ്പിക്കേണ്ടതാണ്. ടി തീയതിയ്ക്കുള്ളിൽ ലഭിക്കാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല. കൃത്യമായ വിവരങ്ങളാണ് രേഖപ്പെടുത്തുന്നതെന്ന് ബ്ലോക്ക്പഞ്ചായത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ഉറപ്പുവരുത്തേണ്ടതാണ്.

ചീഫ് എഞ്ചിനീയർ

P 497